## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1619

04-10-2016-ൽ മറുപടിക്ക്

### ' സ്റ്റാർട്ട് അപ് ' സംരംഭകത്വം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാർട്ട് അപ് സംരംഭകത്വം സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | സംസ്ഥാന ഐ.റ്റി. വകുപ്പിന്റെ ആഭിമുഖ്യത്തിൽ യുവ/വിദ്യാർത്ഥി സംരംഭകരെ പ്രോൽസാഹിപ്പിക്കാനായി 2012 ൽ ഒരു സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് സ്കീം തയ്യാറാക്കുകയും, 2014 ൽ ടെക്നോളജി സ്റ്റാർട്ട് അപ് പോളിസിക്കായി 01/10/2015 ലെ സ.ഉ.(എം.എസ്.)നം.44/2015/ഐ.റ്റി.ഡി. പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെയും ഉള്ളടക്കത്തിന്റെയും പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിലേക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; ഇതിലേക്കായി നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | സാങ്കേതിക സ്റ്റാർട്ടപ്പ് നയം നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ടപ്പ് മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റാർട്ടപ്പ് നയം സർക്കാർ ഉത്തരവായാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത നയം നടപ്പിലാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**